പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2979** 20/12/2012 ൽ മറുപടിയ്ക്ക്

## സർവ്വെ ആന്റ് ബൗണ്ടറീസ് ആക്റ്റ് ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ. | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവെ ആന്റ് ബൗണ്ടറീസ് ആക്റ്റ് പ്രകാരം സർവ്വെ മാന്വലിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് നടക്കാത്തതുകൊണ്ടല്ലേ മുൻ സർവ്വെ പ്ലാനുകൾ സംരക്ഷിക്കപ്പെടാതെ പോയതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) ലഭ്യമായ മുൻ സർവെ പ്ലാനുകൾ റവന്യൂ വകുപ്പിൽ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിലും സർവ്വെയും ഭൂരേഖയും വകുപ്പിൽ സെൻട്രൽ സർവെ ഓഫീസിലും സംരക്ഷിച്ചു പരിപാലിച്ചു വരുന്നു. വളരെ കാലപ്പഴക്കം ചെന്ന മുൻ സർവ്വേ റിക്കാർഡുകൾ സംരക്ഷിക്കുന്നതിന് സർവ്വെയും ഭൂരേഖയും വകുപ്പ് സംസ്ഥാന ആർക്കൈവ്സ് വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) മുൻ സർവ്വെ പ്ലാനുകൾ സംരക്ഷിക്കപ്പെടാതെ പോകുന്നതു കൊണ്ടാണ് റീസർവ്വേ നടത്തേണ്ടി വരുന്നതെന്ന കാര്യം അറിയാമോ; | (ബി) മുൻ സർവെ പ്ലാനുകൾ സംരക്ഷിക്കപ്പെട്ടാലും അതാതു കാലയളവിൽ ഭൂമിയിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ആധികാരിക ഭൂരേഖ തയ്യാറാക്കി റവന്യൂ ഭരണം നടപ്പിലാക്കുകയെന്നതാണ് റീസർവ്വെയിലൂടെ ചെയ്യുന്നത്. |
| (സി) പ്രസ്തുത സാഹചര്യത്തിൽ ലാന്റ് റെക്കോർഡ് മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) ഭൂരേഖകൾ കമ്പ്യൂട്ടറൈസ് ചെയ്ത് ആധുനിക രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) സർവെ ആന്റ് ബൗണ്ടറീസ് ആക്റ്റിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ